# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1549** — **01.11.2019 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറയം ഗോപകുമാർ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ നിലവിൽ വന്നശേഷം പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 2015-16- ൽ 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളെ തുടർന്ന് 2018-19 ആയപ്പോൾ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.<br>• ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം<br>• മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും<br>• സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>• ജില്ലാ ക്ലസ്റ്റർ വികസനം<br>• ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം<br>• ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം<br>• നഴ്സറികൾ സ്ഥാപിക്കൽ<br>• പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്കരണം, പ്രചരണം തുടങ്ങിയവ<br>• സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും<br>• പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ |

പ്രോത്സാഹനം

- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറ നിർമ്മാണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

ബി) വിപണി ആവശ്യം അറിഞ്ഞ് ഉൽപ്പാദനം ക്രമീകരിക്കാത്തത് മൂലം ചില സീസണിൽ ചിലയിനം പച്ചക്കറികൾക്ക് ഉണ്ടാകുന്ന വിലക്കുറവും വിപണിയില്ലായ്മയും മൂലം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ **വിശദമാക്കുമോ;**

ബി) പച്ചക്കറികൾക്ക് ഉണ്ടാകുന്ന വിലക്കുറവും വിപണിയില്ലായ്മയും മൂലം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഉല്പാദക കേന്ദ്രങ്ങൾക്ക് അടുത്ത് തന്നെ വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനായി, പച്ചക്കറി വികസന പദ്ധതി പ്രകാരം 26 ബ്ലോക്ക് തല ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, 198 ക്ലസ്റ്റർ മാർക്കറ്റുകൾ, വിപണി വികസന പദ്ധതി പ്രകാരം 213 ഇക്കോഷോപ്പുകൾ, 400 ആഴ്ച ചന്തകൾ, ജൈവ പച്ചക്കറി വികസന പദ്ധതി പ്രകാരം 32 ഇക്കോഷോപ്പുകൾ എന്നിവ സംസ്ഥാനത്തുടനീളം പ്രവർത്തിച്ച് വരുന്നു.

ഉത്സവ കാലങ്ങളിൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കർഷക കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം വിപണികൾ ഓണം, വിഷു എന്നീ ഉത്സവ കാലങ്ങളിൽ നടപ്പിലാക്കി വരുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ തുറന്ന വിപണിയിലെ സംഭരണ വിലയുടെ 10 ശതമാനം അധികം വില നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും, വില്പന വിലയുടെ 30 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്കും നൽകി വരുന്നു. നല്ല കാർഷിക പരിപാലന മുറകളിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ തുറന്ന വിപണിയുടെ സംഭരണ വിലയുടെ 20 ശതമാനം അധികം നൽകി സംഭരിക്കുകയും, വില്പന വിലയുടെ 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

സി) കച്ചവടക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) ഉണ്ട്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖേനയും (ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി) 5 ജില്ലകളിലെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ (കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ,

കോട്ടയം) മുഖേനയും കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും ലേലത്തിലൂടെ പഴം, പച്ചക്കറികൾ എന്നിവ സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

ഡി) ജൈവപച്ചക്കറി കൃഷിയും ഉപയോഗവും സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2010-ൽ ജൈവ കാർഷിക നയം നടപ്പിലാക്കി. 2016-17 മുതൽ ജൈവ കൃഷി പദ്ധതി കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്രമായി നടപ്പാക്കി വരുന്നു. പരിസ്ഥിതിക്കും ജൈവ വൈവിധ്യ സംരക്ഷണത്തിനും മുൻതൂക്കം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത് . ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണവും മെച്ചപ്പെട്ട ആരോഗ്യനിലവാരവും ഇത് ഉറപ്പാക്കുന്നു. പ്രധാനമായും പഴം പച്ചക്കറികളിലാണ് ജൈവ കൃഷി കേന്ദ്രീകരിച്ചിട്ടുള്ളത്. ജൈവകൃഷി ചെയ്യുന്ന ജൈവ ക്ലസ്റ്ററുകൾക്ക് ഓരോന്നിനും ജൈവ കാർഷിക പ്രവർത്തനങ്ങൾക്കായി 75000/- രൂപ ധനസഹായം നൽകുന്നുണ്ട്. ജൈവ ക്ലസ്റ്ററുകളിൽ നിന്നുമുള്ള പഴം പച്ചക്കറികൾ ഇക്കോഷോപ്പുകൾ മുഖേന പൊതു ജനങ്ങൾക്ക് വില്പന നടത്തുന്നു. ഇക്കോഷോപ്പ് ഉല്പന്നങ്ങൾ ഗുണമേന്മയേറിയതായതിനാൽ വിപണി വിലയേക്കാൾ 20-30% വില കൂടുതൽ ലഭിക്കുന്നു. ഇതിനു പുറമെ ജൈവ ഉല്പന്നങ്ങൾ (പഴം പച്ചക്കറി) പാക്കിംഗ്, ഗ്രേഡിഗ് എന്നിവ നടത്തി കേരള ഓർഗാനിക് ബ്രാൻഡിൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണികൾ മുഖേനയും വിപണനം നടത്തുന്നുണ്ട്. ആകെ 32 നേരിട്ടുള്ളവിപണികൾ നിലവിൽ പ്രവർത്തിച്ച് വരുന്നു. ജൈവ ക്ലസ്റ്ററുകളിൽ നിന്നും ശരാശരി 208 മെട്രിക് ടൺ പഴം പച്ചക്കറികളാണ് വർഷാവർഷം ഉല്പാദിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിക്കു പുറമെ കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പികെവിവൈ) മുഖേനയും ജൈവ പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്നുണ്ട്. കൂടാതെ 27750 ഹെക്ടർ കുട്ടനാടൻ പാടശേഖരങ്ങളിൽ ജൈവ നെൽകൃഷിയും നടത്തിയിട്ടുണ്ട്. ജൈവ നെൽകൃഷിക്കും ജൈവ നെല്ലിനും ഉല്പന്നങ്ങൾക്കും ജനങ്ങളുടെ ഇടയിൽ നല്ല വിശ്വാസ്യത നേടാനായിട്ടുണ്ട് എന്നത് ജൈവ കൃഷി നെൽ പാടശേഖരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് സാധിച്ചു

കൂടാതെ കാർഷിക സർവ്വകലാ ശാലയുടെ തിരുവനന്തപുരം വെള്ളായണിയിലുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ വിവിധ വിപണന കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറികളിലെ സാമ്പിളുകളിൾ അവശിഷ്ട വിഷാംശം പരിശോധിച്ച് ഫലം കേരള സർക്കാരിന്റെയും, കൃഷി വകുപ്പിന്റെയും, കാർഷിക സർവ്വകലാശാലയുടേയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് കർഷകരിലും പൊതു ജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിന് കാരണമാകുകയും ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സാഹചര്യം സംജാതമാകുകയും ജൈവ പഴം, പച്ചക്കറി കൂടുതലായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ